**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **15-03-2022 - ൽ മറുപടിയ്ക്ക്**

**ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ 15.83 കോടി രൂപയുടെ കിഫ്ബി പദ്ധതിയായ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കായിക വകുപ്പിന്റെ എസ്.പി.വി.യായ കിറ്റ്കോ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ഡി പി ആർ 2018 പ്രകാരം റീകാസ്റ്റ് ചെയ്യേണ്ടി വന്നതിനാൽ കിഫ്ബിയുടെ പുനർ അംഗീകാരത്തിനു വേണ്ടി സമർപ്പിച്ചിരിക്കുകയാണ് എന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഡി.എസ്.ആർ. റേറ്റ് പരിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഷ്കരിച്ച നിരക്ക് അനുസരിച്ച് എത്ര തുകയുടെ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ ഡി.പി.ആർ 2018 ഡി എസ് ആർ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട് ഇതുപ്രകാരം പദ്ധതിയുടെ തുക - 17,14,60,757/- രൂപയാണ്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി കിഫ്ബിയിൽ നിന്നും പുതുക്കിയ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കാലതാമസമെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | പുതുക്കിയ അംഗീകാരം ലഭ്യമായിട്ടില്ല. ഉടൻ തന്നെ ലഭ്യമാകും എന്നാണ് എസ്.പി.വി അറിയിച്ചിട്ടുള്ളത്. |
| (ഡി) | പദ്ധതി ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | പദ്ധതിയിൽ ആദ്യം മുതൽ തന്നെ വിഭാവനം ചെയ്തിട്ടുള്ള താഴെപ്പറയുന്ന എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. 1. പോപ്പ് അപ്പ് ഇറിഗേഷൻ സംവിധാനത്തോടു കൂടിയ പുല്ല് പിടിപ്പിച്ച ഫുട്ബോൾ ഗ്രൗണ്ട് 2. എട്ട് ലൈൻ അത്ലറ്റിക് ട്രാക്ക് |
| (ഇ) | കിഫ്ബിയിൽ നിന്നും പുതുക്കിയ അംഗീകാരം വേഗത്തിൽ ലഭ്യമാക്കി അടിയന്തരമായി റീ ടെണ്ടർ നടപടികൾ നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറക്ക് ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകുന്നതിന് എസ്.പി.വിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ